"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ - ഹോണറേറിയം വർദ്ധിപ്പിച്ചത്- മുൻകാല പ്രാബല്യം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1007/2023/LSGD തീയതി,തിരുവനന്തപുരം, 09-05-2023

---

പരാമർശം:- സ.ഉ (സാധാ) നം. 864/2023/തസ്വഭവ തീയതി 12.04.2023

**ഉത്തരവ്**

കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 32 ഹോമിയോ ഡിസ്പെൻസറികളിൽ കരാറടിസ്ഥാനത്തിൽ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് ഹോണറേറിയം 20% വർദ്ധിപ്പിക്കുന്നതിന് 17.08.2021 തീയതിയിലെ 52-ാം നമ്പർ തീരുമാനപ്രകാരം കൊച്ചി നഗരസഭാ കൗൺസിൽ തീരുമാനിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 32 ഹോമിയോ ഡിസ്പെൻസറികളിൽ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ എന്നീ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ടിച്ചുവരുന്ന ജീവനക്കാർക്ക് നിലവിൽ യഥാക്രമം നൽകി വരുന്ന തുകയായ 17,250/- (പതിനേഴായിരത്തി ഇരുന്നൂറ്റി അൻപത്) രൂപ, 9488/- (ഒൻപതിനായിരത്തി നാനൂറ്റി എൺപത്തിയെട്ട്) രൂപ, 8194/- (എണ്ണായിരത്തി നൂറ്റി തൊണ്ണൂറ്റിനാല്) രൂപ എന്നിവയുടെ 20% വർദ്ധനവ്, ആയതിലേയ്ക്ക് ആവശ്യമായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ ഉത്തരവ് തീയതി പ്രാബല്യത്തിൽ അനുവദിച്ച് പരാമർശം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ടി വർദ്ധനവിന് കോർപ്പറേഷൻ കൗൺസിൽ അംഗീകാരം നല്കിയ 17/08/2021 മുതൽ പ്രാബല്യം നല്കണമെന്ന ആവശ്യം ജീവനക്കാരിൽ നിന്നും ഉണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയിലെ 32 ഹോമിയോ ഡിസ്പെൻസറികളിലെ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് പരാമർശിത ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച 20% ഓണറേറിയത്തിന് കോർപ്പറേഷൻ കൗൺസിൽ അംഗീകാരം നല്കിയ 17.08.2021 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ

സെക്രട്ടറി, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 09-05-2023 15:51:22

സെക്ഷൻ ഓഫീസർ